REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ബഹിരാകാശ സാങ്കേതികത ഇന്ത്യൻ ഭരണത്തിന്റെ ഭാഗമായി കഴിഞ്ഞെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **അഞ്ചാം തലമുറ യുദ്ധവിമാനങ്ങളും വിമാന എഞ്ചിനും നിർമ്മിക്കുന്ന ദിശയിലേക്ക് രാജ്യം നീങ്ങുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.**
- **കളമശ്ശേരി അദാനി ലോജിസ്റ്റിക്സ് പാർക്കിന്റെ നിർമ്മാണം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.**
- **ആരോപണ വിധേയരാകുന്ന നേതാക്കൾക്കെതിരെ കോൺഗ്രസ് വിട്ടുവീഴ്ചയില്ലാത്ത നടപടിയെടുക്കുമെന്ന് ആവർത്തിച്ച് പ്രതിപക്ഷ നേതാവ് VD സതീശൻ.**
- **ഷൊർണ്ണൂർ - നിലമ്പൂർ മെമു സർവീസ് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ രാത്രി ഫ്ലാഗ് ഓഫ് ചെയ്യും.**
- **ഡ്യൂറണ്ട് കപ്പ് ഫുട്ബോളിൽ കലാശപ്പോരാട്ടം ഇന്ന്.**

## വാർത്തകൾ വിശദമായി

ബഹിരാകാശ സാങ്കേതികത ഇന്ത്യൻ ഭരണത്തിന്റെ ഭാഗമായി കഴിഞ്ഞെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. വിള ഇൻഷുറൻസ് പദ്ധതിയിലെ വിലയിരുത്തലും മീൻപിടുത്തക്കാർക്ക് ഉപഗ്രഹം വഴി നൽകുന്ന വിവരങ്ങളും സുരക്ഷയും ഇതിന്റെ ഭാഗമാണെന്ന് ദേശീയ ബഹിരാകാശ ദിനത്തിൽ പ്രധാനമന്ത്രി ന്യൂഡൽഹിയിൽ പറഞ്ഞു.

ഗഗൻയാൻ ദൗത്യം രാജ്യം ഉടൻ ആരംഭിക്കുമെന്നും വരും നാളുകളിൽ ഇന്ത്യ സ്വന്തമായി ബഹിരാകാശ നിലയം നിർമ്മിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ബഹിരാകാശ മേഖലയിൽ ഒന്നിനുപിറകെ ഒന്നായി രാജ്യം നാഴികക്കല്ലുകൾ താണ്ടുകയാണെന്നും, കഴിഞ്ഞ 11 വർഷത്തിനിടെ ഗവൺമെന്റ് ബഹിരാകാശ മേഖലയിൽ നിരവധി പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു. ബഹിരാകാശ രംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവർക്കും പ്രധാനമന്ത്രി ആശംസകൾ നേർന്നു.

✪✪✪

ഇന്ന് രണ്ടാമത് ദേശീയ ബഹിരാകാശ ദിനം. ഇന്ത്യയുടെ മൂന്നാം ചാന്ദ്രദൗത്യമായ ചന്ദ്രയാൻ-3ന്റെ ചരിത്ര വിജയത്തെ അനുസ്മരിക്കാനാണ് ഓഗസ്റ്റ് 23 ദേശീയ ബഹിരാകാശ ദിനമായി ആഘോഷിക്കുന്നത്. 2023 ഓഗസ്റ്റ് 23-നാണ് ചന്ദ്രയാൻ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ സോഫ്റ്റ് ലാൻഡ് ചെയ്തത്."ആര്യഭട്ടയിൽ നിന്ന് ഗഗൻയാനിലേക്ക് : പുരാതന വിജ്ഞാനത്തിൽ നിന്ന് അനന്ത സാധ്യതകളിലേക്ക്" എന്നതാണ് ഈ വർഷത്തെ ദിനാഘോഷ പ്രമേയം. കോഴിക്കോട് മേഖലാ ശാസ്ത്ര കേന്ദ്രത്തിൽ 'പുരാതന ആകാശം മുതൽ പുത്തൻ ചക്രവാളം വരെ ഇന്ത്യയുടെ ബഹിരാകാശ പൈതൃകം' എന്ന വിഷയത്തിൽ ഇന്ന് പ്രദർശനം ആരംഭിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നാല് ദിവസത്തെ ജപ്പാൻ-ചൈന സന്ദർശനം ഈ മാസം 29 ന് ആരംഭിക്കും. 29, 30 തിയതികളിൽ ജപ്പാനിൽ ഇന്ത്യ- ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ 31 നും, സെപ്റ്റംബർ ഒന്നിനും ചൈനയിലെ ടിയാൻജിനിൽ ഷാങ്ഹായ് കോർപറേഷൻ ഓർഗനൈസേഷൻ ഉച്ചകോടിയിൽ പ്രധാനമന്ത്രി സംബന്ധിക്കും. ഉച്ചകോടിയ്ക്കിടെ നിരവധി ആഗോള നേതാക്കളുമായി നരേന്ദ്രമോദി ഉഭയകക്ഷി ചർച്ചയും നടത്തും.

✪✪✪

അഞ്ചാം തലമുറ യുദ്ധവിമാനങ്ങളും വിമാന എഞ്ചിനും നിർമ്മിക്കുന്ന ദിശയിലേക്ക് രാജ്യം നീങ്ങുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. നവീകരണവും സാങ്കേതിക വികസനവും പ്രോത്സാഹിപ്പിച്ചും ആഭ്യന്തര കമ്പനികൾക്ക് അനുയോജ്യമായ വളർച്ചാ അന്തരീക്ഷം സൃഷ്ടിച്ചും ഇന്ത്യ ശക്തമായ ഒരു പ്രതിരോധ ആവാസവ്യവസ്ഥ സൃഷ്ടിച്ചുവരികയാണെന്നും രാജ്നാഥ് സിംഗ് ന്യൂഡൽഹിയിൽ അറിയിച്ചു.

✪✪✪

രാജ്യത്തെ രാസവള ലഭ്യത തികച്ചും ഭദ്രമാണെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചു. 143 ലക്ഷം ടൺ ആവശ്യമായ സ്ഥാനത്ത്, 183 ലക്ഷം ടൺ യൂറിയ രാജ്യത്തുണ്ട്. 45 ലക്ഷം ടൺ ഡൈ അമോണിയം ഫോസ്ഫേറ്റ് വേണ്ടിടത്ത്, 49 ലക്ഷം ടൺ ശേഖരമുണ്ടെന്നും രാസവള മന്ത്രാലയം അറിയിച്ചു.

✪✪✪

രാജ്യത്തെ ഹോം സ്റ്റേകളെ സംബന്ധിച്ച റിപ്പോർട്ട് നിതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി ന്യൂഡൽഹിയിൽ ഇന്നലെ പുറത്തിറക്കി. 2024ൽ രാജ്യത്തെ ഹോംസ്റ്റേ മേഖല 4,772 കോടി രൂപ വരുമാനം നേടിയതായി റിപ്പോർട്ടിൽ പറയുന്നു.

രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യവും വർദ്ധിച്ചു വരുന്ന യാത്രകളുമാണ് ഹോ സ്റ്റേ മേഖലയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നതെന്നും, പ്രധാൻമന്ത്രി മുദ്ര യോജനയിൽ ഉൾപ്പെടുത്തി ഹോംസ്റ്റേകൾക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

✪✪✪

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന 'കേരള ഏവിയേഷൻ സമ്മിറ്റ് ഇന്ന് ആരംഭിക്കും. വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പരിപാടി ഉദ്ഘാടനം ചെയ്യും. വ്യോമയാനമേഖലയിലെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താനും സംസ്ഥാനത്ത് ഈ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കാനും ലക്ഷ്യമിട്ടാണ് പരിപാടി. എയർപോർട്ട് ഹെൽത്ത് ഓർഗനൈസേഷനുവേണ്ടി സിയാൽ 20 കോടി ചെലവിൽ നിർമിച്ച എയർപോർട്ട് ആരോഗ്യകേന്ദ്രത്തിന്റെ താക്കോൽദാനം മന്ത്രി K രാജൻ നിർവഹിക്കും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ 'ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ' ഭാഗമായി കളമശ്ശേരിയിൽ ആരംഭിക്കുന്ന അദാനി ലോജിസ്റ്റിക്സ് പാർക്കിന്റെ നിർമ്മാണം രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. മന്ത്രി P.രാജീവ് അധ്യക്ഷനായ പരിപാടിയിൽ പ്രതിപക്ഷ നേതാവ് VD സതീശനും പങ്കെടുത്തു.

കളമശ്ശേരിയെ ലോകവിപണിയുമായി ബന്ധിപ്പിക്കുന്ന പദ്ധതി വിദേശ വ്യാപാര മേഖലയിൽ വലിയ മുന്നേറ്റം സൃഷ്ടിക്കുമെന്ന് അദാനി പോർട്സ് CEO അശ്വനി ഗുപ്ത പറഞ്ഞു.

✪✪✪

ആരോപണ വിധേയരാകുന്ന നേതാക്കൾക്കെതിരെ കോൺഗ്രസ് വിട്ടുവീഴ്ചയില്ലാത്ത നടപടിയെടുക്കുമെന്ന് ആവർത്തിച്ച് പ്രതിപക്ഷ നേതാവ് VD സതീശൻ. പാർട്ടി പരാതികൾ ഗൗരവത്തോടെ പരിശോധിച്ച് തുടർനടപടി എടുക്കുമെന്നും സതീശൻ കൊച്ചിയിൽ പറഞ്ഞു. ആരോപണം ഉയർന്ന് 24 മണിക്കൂറിനകം രാഹുൽ മാങ്കൂട്ടത്തിൽ യൂത്ത് കോൺഗ്രസ് പ്രസിഡന്റ് സ്ഥാനം രാജി വെച്ചെന്നും ആരോപണങ്ങൾ ശരിയെന്ന് കണ്ടാൽ കർശന നടപടി ഉണ്ടാകുമെന്നും പ്രതിപക്ഷ നേതാവ് വ്യക്തമാക്കി.

✪✪✪

ആരോപണത്തെ തുടർന്ന് രാജി സന്നദ്ധത അറിയിച്ച രാഹുൽ മാങ്കൂട്ടത്തിലിന്റെ തീരുമാനത്തെ കോൺഗ്രസ് നേതൃത്വം അംഗീകരിക്കുകയായിരുന്നുവെന്ന് ഷാഫി പറമ്പിൽ MP അറിയിച്ചു. ധാർമ്മികതയുടെ പേരിൽ യൂത്ത് കോൺഗ്രസ് പ്രസിഡന്റ് സ്ഥാനം രാജി വെച്ച രാഹുലിനെയും കോൺഗ്രസിനേയും ധാർമ്മികത പഠിപ്പിക്കാനാണ് ചിലരുടെ ശ്രമമെന്ന് അദ്ദേഹം വടകരയിൽ പറഞ്ഞു.

കോൺഗ്രസിനെ നിഷ്പ്രഭമാക്കാമെന്ന ചിന്ത ആർക്കും വേണ്ടെന്നും ഗവൺമെന്റിന്റെ പരാജയങ്ങൾ കോൺഗ്രസ് ഇനിയും ഉയർത്തുമെന്നും ഷാഫി പറമ്പിൽ അറിയിച്ചു.

✪✪✪

ഭാരതത്തിലെ ജനാധിപത്യവും നിയമവും അനുശാസിക്കുന്ന രീതിയിൽ വോട്ട് ചേർക്കാൻ BJP-ക്ക് അവകാശമുണ്ടെന്ന് കേന്ദ്ര സഹ മന്ത്രി ജോർജ് കുര്യൻ പറഞ്ഞു. ഏതെങ്കിലും ഒരു സ്ഥലത്ത് വോട്ട് ചെയ്തത് കൊണ്ട് ജീവിതാവസാനം വരെ അവിടെത്തന്നെ താമസിക്കണമെന്ന് നിയമത്തിൽ ഒരിടത്തും എഴുതി വച്ചിട്ടില്ലെന്നും വോട്ടർ താമസിക്കുന്നത് എവിടെയാണെങ്കിലും അവിടെ വോട്ട് ചെയ്യാൻ അവകാശം ഉണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തൃശൂരിൽ BJP സംസ്ഥാനതല ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു ജോർജ് കുര്യൻ. കേരള പ്രഭാരി പ്രകാശ് ജാവ്ദേക്കർ, അപരാജിത സാരംഗി, BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

✪✪✪

സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാർക്കും UDID രജിസ്ട്രേഷൻ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ' സമ്പൂർണ UDID രജിസ്ട്രേഷൻ ജില്ല പ്രഖ്യാപന ചടങ്ങ് ' ഇന്ന് കോഴിക്കോട് നടത്തും. വൈകിട്ട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിലാണ് പരിപാടി.

✪✪✪

മലപ്പുറം, പാലക്കാട് ജില്ലകളിലെ യാത്രക്കാർക്ക് ആശ്വാസമായി നിലമ്പൂർ മെമു സർവീസിന് ഇന്ന് തുടക്കമാകും. ട്രെയിനിന്റെ ആദ്യ യാത്ര രാത്രി ഷൊർണ്ണൂരിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഫ്ലാഗ് ഓഫ് ചെയ്യും.

പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...

.......വോയ്സ്........

ഇന്ന് രാത്രി 8.40 ന് റായിൽവെ സ്റ്റേഷനിലെ ഒന്നാമത്തെ പ്ലാറ്റ് ഫോമിൽ നിന്നാണ് മെമു യാത്ര ആരംഭിക്കുക. ഉത്ഘാടന ദിവസം സർവീസ് നടത്തുന്ന മെമു ഇന്നലെ രാവിലെ ഷൊർണ്ണൂർ റയിൽവെ സ്റ്റേഷനിൽ എത്തിച്ച ശേഷം പരിശോധന നടത്തി.നാളെ മുതൽ എറണാകുളത്ത് നിന്ന് 5.40 ന് പുറപ്പെടുന്ന ട്രെയിൻ എട്ടരയോടെ ഷൊർണ്ണൂരിൽ എത്തും. ഇവിടെ നിന്നും 8.35 ന് യാത്ര തിരിക്കുന്ന മെമു വല്ലപ്പുഴ, കുലുക്കല്ലൂർ, ചെറുകര, അങ്ങാടിപ്പുറം, പട്ടിക്കാട്, മേലാറ്റൂർ, വാണിയമ്പലം എന്നീ സ്റ്റേഷനുകൾ കടന്ന് രാത്രി 10.05 ന് നിലമ്പൂരിൽ എത്തും. പിറ്റേന്ന് പുലർച്ചെ 3.40 ന് നിലമ്പൂരിൽ നിന്ന് മടങ്ങുന്ന ട്രെയിൻ 4.55 നാണ് ഷൊർണ്ണൂരിൽ എത്തുക.

✪✪✪

പ്രധാനമന്ത്രി മത്സ്യ സമ്പത്ത് യോജനയുടെ ഭാഗമായി കേരള ഫിഷറീസ് വകുപ്പിന്റെ മലപ്പുറം ജില്ലയിലെ ആദ്യ മത്സ്യ സേവന കേന്ദ്രം തിങ്കളാഴ്ച ഏലംകുളം കുന്നക്കാവിൽ പ്രവർത്തനം തുടങ്ങും. വെള്ളത്തിന്റെ ഗുണനിലവാര പരിശോധനാ ലബോറട്ടറി, കൺസൾട്ടൻസി സർവീസ്, അക്വാട്ടിക് ഇൻപുട്ട് സർവീസ് എന്നിവ ലഭ്യമാകും. മറ്റന്നാൾ മന്ത്രി V അബ്ദുറഹ്മാൻ ഉദ്ഘാടനംചെയ്യും.

✪✪✪

കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിലെ പുതിയ പദ്ധതികളുടെ നിർമാണം മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ് OK വാസു ഉദ്ഘാടനം ചെയ്തു. മുട്ടറുക്കലിന് ഭക്തജനങ്ങൾ മണിക്കൂറുകൾ കാത്തുനിൽക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആധുനിക സൗകര്യങ്ങളോടെ ക്യൂ കോംപ്ലക്സും തുലാഭാര മണ്ഡപവുമാണ് നിർമിക്കുന്നത്.

✪✪✪

തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിലെ വെള്ളം ശുചീകരിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനം തുടങ്ങി. ദിവസം 40,000 ലിറ്റർ വെള്ളം ശുചീകരിക്കുന്ന പ്ലാന്റ് മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ് OK വാസു ഉദ്ഘാടനം ചെയ്തു.

✪✪✪

അഞ്ചാമത് സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവം 'വർണപ്പകിട്ട്' കോഴിക്കോട്ട് വൈകിട്ട് സമാപിക്കും. ജൂബിലി ഹാളിൽ സമാപന സമ്മേളനം മന്ത്രി ഡോ. R ബിന്ദു ഉദ്ഘാടനം ചെയ്യും. കലാമത്സര വിജയികൾക്ക് അവർ സമ്മാനങ്ങളും കൈമാറും. മന്ത്രി P.A മുഹമ്മദ് റിയാസ് ചടങ്ങിൽ അധ്യക്ഷനാകും.

✪✪✪

ഡ്യൂറണ്ട് കപ്പ് ഫുട്ബോളിൽ കലാശപ്പോരാട്ടം ഇന്ന്. കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലെ മത്സരത്തിൽ ഡയമണ്ട് ഹാർബർ FC, നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി ഏറ്റുമുട്ടും. വൈകിട്ട് 5.30നാണ് മത്സരം.

✪✪✪

ബൾഗേറിയയിലെ സമോക്കോവിൽ അണ്ടർ 20 വനിതാ ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ കാജൽ ഡോചകിന് സ്വർണ്ണം. ചൈനയുടെ യുകി ലിയുവിനെ പരാജയപ്പെടുത്തിയാണ് ഹരിയാന സ്വദേശിയായ കാജൽ സ്വർണം നേടിയത്.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഉച്ചയ്ക്ക് 2.30ന് ആദ്യ മൽസരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ്, ആലപ്പി റിപ്പിൾസിനെ നേരിടും. വൈകിട്ട് 6.45 ന് രണ്ടാം മൽസരത്തിൽ തൃശൂർ ടൈറ്റൻസ്, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനേയും നേരിടും.

✪✪✪

നവംബർ 2025 ഫിഫ ഇന്റർനാഷണൽ വിൻഡോയിൽ സൗഹൃദ മത്സരത്തിനായി ലയണൽ മെസ്സി അടങ്ങുന്ന അർജന്റീനൻ ടീം കേരളത്തിൽ എത്തുമെന്ന് ഔദ്യോഗികമായി സ്ഥിരീകരിച്ചു. മന്ത്രി V അബ്ദുറഹിമാനാണ് ഇക്കാര്യം അറിയിച്ചത്.

✪✪✪

ദുരന്തബാധിത പ്രദേശങ്ങളിലെ രക്ഷാ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ അംഗങ്ങളെയും സജ്ജമാക്കുന്നു. കണ്ണൂർ ജില്ലയിലെ ജെൻഡർ ബ്രിഗേഡ് ഗ്രൂപ്പ് അഴീക്കോട്ട് പ്രവർത്തന സജ്ജമായി.

കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ...

.......വോയ്സ്.........

ദുരന്തബാധിത പ്രദേശങ്ങളിലെ രക്ഷാ പ്രവർത്തനങ്ങക്ക് ജില്ലയിൽ നിന്നും പരിശീലനം ലഭിച്ച വനിതകളുടെ കൂട്ടായ്മയാണ് ജെൻഡർ ബ്രിഗേഡ്. രക്ഷാപ്രവർത്തനം, അടിയന്തിര വൈദ്യ സഹായം, മാനസിക പിന്തുണ, താൽകാലികമായി അഭയ കേന്ദ്രത്തിലേക്ക് മാറ്റൽ, ശുചീകരണം, ഭക്ഷണം എത്തിച്ചു നൽകൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് ജെൻഡർ ബ്രിഗേഡ് പ്രവർത്തകർ ചെയ്യുക. കുടുംബശ്രീ ജില്ലാ മിഷൻ, അഴീക്കോട് ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സിഡിഎസ്, ജെൻഡർ റിസോഴ്സ് സെന്റർ എന്നിവയുടെ കീഴില്ലാണ് ജില്ലയിലെ ആദ്യ ജെൻഡർ ബ്രിഗേഡ് ഗ്രൂപ്പ് പ്രവർത്തനമാരംഭിച്ചത്.

✪✪✪

കോഴിക്കോട് ചികിത്സയിൽ കഴിയുന്ന ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. മലപ്പുറം കാപ്പിൽ സ്വദേശിനി 55കാരിയിലാണ് രോഗം റിപ്പോർട്ട് ചെയ്തത്. ഇതോടെ ചികിൽസയിലുള്ളവരുടെ എണ്ണം ആറായി.

✪✪✪

*News Editor: ശ്രുതി*
*News Reader: രജിന കെ*
*NRTs: അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*